## ലൈൻമാൻ ശിവപ്രസാദിന്റെ അപകടമരണം

119 (3520)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നോർത്ത് മേജർ സെക്ഷനിലെ ലൈൻമാൻ ശിവപ്രസാദ് 31.10.1999-ന് വൈദ്യുതി ഷോക്കേറ്റ് മരണമടഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ശിവപ്രസാദ് മരണമടഞ്ഞതിനെക്കുറിച്ച് കെ.എസ്.ഇ.ബി. അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ശിവപ്രസാദിന്റെ മരണം സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികൾ ആരൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരിൽ ചിലർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആർക്കെല്ലാം; വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) ശിവപ്രസാദിന്റെ മരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നടത്തിയിട്ടുണ്ട്.

(ഡി) പ്രതികളെ സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഇ) ഉത്തരവാദിത്വപ്പെട്ട ചില ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും, ആയത് ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്)ആന്റ്(ജി) കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്ന് നടപടികൾ പൂർത്തിയാകുമ്പോഴെ വ്യക്തമാകൂ. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്.

ശ്രീ. ബാലകൃഷ്ണൻ നായർക്ക് ഓവർസിയറിൽ നിന്നും സബ് എഞ്ചിനീയറായും. ശ്രീ. ഹരികുമാറിന് ലൈൻമാനിൽ നിന്നും ഓവർസീയറായും പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ചാണ് ഈ പ്രൊമോഷൻ ലഭിച്ചത്.

(എച്ച്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly